# സാന്തോം മെസഞ്ചർ

## SANTHOME MESSENGER




THE WAY OF ST.THOMAS

## Adieu

## Congratulations!



Rev. Fr. George Alukka



Rev. Fr. Mathew Koikara CMI
Proto Syncellus



Rev. Fr. Thomas Thennattil
Syncellus

കഴിഞ്ഞ 7 വർഷക്കാലം മണ്ഡ്യ രൂപതാ വികാരി ജനറലായി സേവനം ചെയ്ത മോൺ. ജോർജ്ജ് ആലൂക്ക അച്ചന് സെന്റ് തോമസ് കുടുംബാംഗങ്ങളുടെ പ്രാർത്ഥനാനിർഭരമായ യാത്രാമംഗളങ്ങൾ! രൂപതയുടെ വികാരി ജനറാൾമാരായി നിയമിതരായ ഫാ. മാത്യു കോയിക്കര അച്ചനും ഫാ. തോമസ് തെന്നാട്ടിൽ അച്ചനും അഭിനന്ദനങ്ങൾ!
പുതിയ കർമ്മരംഗങ്ങളിൽ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു .

# SANTHOME KINDER

## PLAY. LOVE. LEARN



To EXPLORE, PLAY and LEARN... Children are the Curriculum!!

## ADMISSIONS OPEN!!


**CONTACT US:**
St. Thomas Forane Church
Christ School Road, Dharmaram, Bangalore 560029
Phone: 9742863560, Email: santhomekinder@gmail.com

സാന്തോം മെസഞ്ചർ
SANTHOME MESSENGER
St. Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029
Vol: 45 / Issue: 3 / May - June 2019

# Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob : 9605963021

**Chief Editor**
Fr. Jobin Tholanickal CMI
Asst. Vicar
Mob : 7276251626, 9496645595
E-mail : jobintholani@gmail.com

**Associate Editor**
Fr. Shan Kunnumpurathu CMI
Asst. Vicar
Mob : 6238512775
E-mail : shakunnumpurathu@gmail.com

**Editorial Board**
Mrs. Prameela Varghese
Mrs. Sweetha Mary Rejy
Mr. Leejoe Thomas
Mr. Naveen Joseph (Trustee in charge)
Mr. Tony Thomas

**Layout Design & Printing**
**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com

**Cover Page picture credits**
Midhun, Focmagica

# Contents

| | |
|---|---|
| ഇടയനാദം | 2 |
| A look back to the history | 3 |
| Editorial | 4 |
| ഞാൻ ശരിയാണ്, നീയും | 6 |
| #Thomistic Challenge. | 8 |
| Being a St. Thomas Christian | 10 |
| Catholics Should Know | 12 |
| Church News | 16 |
| Mandya Diocese | 17 |
| ഇടവക വാർത്തകൾ | 20 |
| Catechism Corner | 24 |
| Santhome Kinder | 27 |
| Angels' Messenger | 28 |
| എഫ്ഫാത്ത ബൈബിൾ ക്വിസ് | 30 |
| Eden Word Puzzle | 31 |
| Ephron Word Puzzle | 32 |
| Ephraim Crossword | 33 |
| Dates to remember | 34 |

സാന്തോം മെസഞ്ചറിലേക്കുള്ള എഫ്ഫാത്ത ബൈബിൾ ക്വിസ്, Cross Word, Word Puzzle മത്സരങ്ങളുടെ ഉത്തരങ്ങളും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും ജൂലൈ 20–ാം തിയതിക്കുമുമ്പ് ഇടവക ഓഫീസിൽ ഏൽപിക്കുക.

Email : stthomasforanechurch@gmail.com Website: www.stthomasforanechurch.org
Mob. : 9496645595, 080 4370 2482

# ഇടയനാദം

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള കേരളത്തിലെ മാർത്തോമ്മനസ്രാണികൾക്ക് മഹത്തായൊരു പാരമ്പര്യമുണ്ട്. ഈശോമിശിഹായുടെ പന്ത്രണ്ട് ശിഷ്യന്മാരിലൊരാളായ മാർത്തോമ്മയാണ് ഈ സഭയുടെ സ്ഥാപകൻ. ഭാരതസംസ്കാരം ആഴമായി സ്വാംശീകരിച്ച് അഗാധമായ ആദ്ധ്യാത്മീക ജീവിതക്രമം പരമ്പരാഗതമായി കുടുംബങ്ങളിലൂടെ അവർ പുലർത്തിപോരുന്നു.

ഭാരത ക്രൈസ്തവർക്ക് തോമാശ്ലീഹായിലൂടെ കൈവന്ന തോമമാർഗം അഥവാ നിയമം അവരുടെ വിശ്വാസം, ആരാധനക്രമം, ആദ്ധ്യാത്മിക ജീവിതം, മതപരമായ ശിക്ഷണക്രമം, പാരമ്പര്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ ഇന്നും നഷ്ടപ്പെടാതെ കാത്തുപാലിക്കുവാൻ കഴിയുന്നു എന്നത് ദൈവാനുഗ്രഹമാണ്.

തീക്ഷണമായ വിശ്വാസംകൊണ്ട് നിറഞ്ഞ് എന്റെ കർത്താവും എന്റെ ദൈവവും (യോഹ. 20:28) എന്ന് ഉദ്ഘോഷിച്ച തോമ്മാശ്ലീഹായുടെ മിശിഹാനുഭവം ആണ് നസ്രാണി സഭയുടെ വിശ്വാസത്തിന്റെ അടിത്തറ. പൗരസ്ത്യ സുറിയാനി ആരാധനക്രമം ആയിരുന്നു നാം സ്വീകരിച്ചു പോരുന്നത്. ഈ ബന്ധം സൂചിപ്പിക്കുന്നതിനാണ് 'സീറോ' എന്ന പദം മലബാറിനോട് ചേർത്ത് ഉപയോഗിച്ചു പോന്നത്.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഏറ്റവും പ്രധാനപ്പെട്ട തിരുന്നാൾ ജൂലൈ 3 ന് ആചരിക്കുന്ന ദുക്റാന തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുന്നാൾ ആയിരുന്നു. ഉയിർപ്പും ക്രിസ്തമസും കൂടാതെ കർത്താവിന്റെ മാമ്മോദീസയെക്കുറിക്കുന്ന രാക്കുളി (ദനഹ) തിരുനാളും നമ്മുടെ പൂർവ്വികർ ആഘോഷിച്ചിരുന്നു.

വി. ശ്ലീഹായുടെ വിശ്വാസ സാക്ഷ്യം കാത്തു സൂക്ഷിക്കുന്ന സീറോ മലബാർ വിശ്വാസികൾ 35 രൂപതകളിലായി ലോകമെമ്പാടും വളർന്ന് എത്തിയിരിക്കുന്നു.

നമ്മുടെ സഭയുടെ പൈതൃകത്തെകുറിച്ചും വിശ്വാസപാരമ്പര്യത്തെക്കുറിച്ചും വരും തലമുറ കൂടുതൽ അറിയാനും ഇടവരട്ടെ. അങ്ങനെ നസ്രാണി സഭാ കൂട്ടായ്മയിലെ കുഞ്ഞുങ്ങളും യുവജനങ്ങളും മാതാപിതാക്കളും സുവിശേഷ സാക്ഷ്യത്തിന്റെ ജീവിക്കുന്ന മാതൃകകളാവാൻ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കാം.

**Fr. Cyriac Madathil CMI-** Forane Vicar

# A LOOK BACK TO THE HISTORY

**Fr. Shan Kunnumpurathu CMI, Asst. Vicar**

We have traditions of 1967 years by St Thomas. This tradition is living tradition, which is unbreakable. Tradition speaks about the arrival of St Thomas, his missionary activities and his martyrdom, which is closely associated with the Malabar coast. Malabar tradition has come down to us in the form of narrative, stories, legends, celebrations, families such as Pallikar, Maliekkal, Pakalomattam, Kalli, Kalikavu etc.. and the seven and half Churches, they are Kodungaloor, Koiloor, Nilakkal, Niranam, Palayoor, Kokkamangalam, Kottakar, Thiruvamcode (½ Church) associated with the place Malayatoor.

St Thomas Christians guided by the Christian missionaries from time to time took several concrete steps in order to impart spiritual vitality to the old Church in India. They were also great reformers and defenders of the faith. We had written evidences of our own rich heritage and its living practices with orthodoxy till the synod of Daimper in 1599. The confusion and unrest caused by the arrival and interference of the Portuguese in the affairs of the local Church was immense. Certain decisions of the Synod of Diamper inflicted a traumatic experience among the St. Thomas Christians. There followed a centuries-long turmoil, divisions and disunity. Later as an aftermath many incidents were witnessed by the St Thomas Christians such as Koonan Cross oath in 1653, Roccos schism in 1861, etc.

St. Chavara gave the leadership to fight successfully against the Roccos schism which affected the St. Thomas Christians. St. Chavara with a prophetic vision, dived deep into the multifarious and deep-seated problems and recognized the real blocks which strangled the genuine spiritual growth of the people of his period and region. Like an expert doctor, St. Chavara was able to make a diagnosis of those ills and limitations with their root causes. He gave the Church a prophetic and courageous leadership at a decisive time of its existence and brought it to the track of spiritual dynamism and vitality. Today, if we say we belong to Syro Malabar Church, we never forget a great visionary, who was a true stalwart of our Malabar Tradition, he alone fought against the Roccos Schism.

Now the role model of St Chavara is given to all of us. It is our duty, we must enable our generation to become spiritually deep-rooted, morally upright, intellectually erudite, emotionally mature, efficient in communication skills, sublime in attitude, sober in behavior and active in social concern. Moreover, it is a radical question today after the example of St. Chavara as to how far our tradition has grown to be portals of social transformation and moral reconstruction of our society?



# Editorial

കാട്ടാനകളിൽ ഏറ്റവും ഭയപ്പെടേണ്ടത് ഒറ്റയാനെയാണ്. ഒറ്റ തിരിഞ്ഞു നിൽക്കുന്നതുകൊണ്ടല്ല അവൻ അപകടകാരിയാവുന്നത്. ശിഷ്യസമൂഹത്തിൽ ഒറ്റയാനാരെന്ന് ചോദ്യമുയർന്നാൽ അതു യൂദാസാകാൻ വഴിയില്ല, തോമസാകാനേ സാധ്യതയുള്ളൂ. സുവിശേഷത്തിൽ അങ്ങിങ്ങായി കാണുന്നത് അങ്ങനെ ഒരു തോമസിനെയാണ്. ഗുരുവിന്റെ കൂടെ വലതും ഇടതും സ്ഥാനങ്ങൾ ആഗ്രഹിക്കുന്നവരിൽ നിന്ന് ഒഴിഞ്ഞുമാറി അവനോടുകൂടെ പോയി മരിക്കാൻ തയ്യാറാവുക, ഉത്ഥിതനെ കണ്ടും കാണാതെയും വിശ്വസിച്ചവരിൽ നിന്ന് വ്യത്യസ്തനായി അവനെ തൊട്ടേ വിശ്വസിക്കൂ എന്നു ശാഠ്യം പിടിച്ച ശ്ലീഹ, അങ്ങനെ ശിഷ്യ സമൂഹത്തിൽ ഒറ്റയാനാണ് ഈ ശ്ലീഹ.

If you wanted to go fast, go alone
If you wanted to go far, go together

ഒരു പഴമൊഴിയാണല്ലോ ഇത്. കൂടുതൽ ദൂരം പോകാനല്ല അതിവേഗം ഗുരുവിനോടൊപ്പം പോകാനാണ് അവനിഷ്ടപ്പെട്ടത്. അതുകൊണ്ടാവാം ഒറ്റ തിരിഞ്ഞുള്ള ശ്ലീഹയുടെ ചിന്തകളും പ്രവൃത്തികളും. ഈ തിടുക്കമായിരിക്കും ഭാരതദേശത്ത് ഗുരുവിനെ പ്രഘോഷിക്കാൻ എ.ഡി. 52 ൽ തന്നെ ഇങ്ങോട്ടു വരുവാൻ കാരണം. ഈ ശ്ലീഹായുടെ പാരമ്പര്യം നമ്മുടെ വിശ്വാസ പാരമ്പര്യത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. കേരളം എന്ന നമ്മുടെ വിശ്വാസ മണ്ണിൽ നിന്ന് ബാംഗ്ലൂർ എന്ന നഗരത്തിലേക്ക് കൂടുമാറുമ്പോൾ നമ്മുടെ വിശ്വാസ പ്രതീകമായ, ഈ നഗരത്തിലെ ആദ്യദേവാലയം വി. തോമസിന്റെ പേരു വഹിക്കുന്നതിന്റെ ഔചിത്യം ഈ തിടുക്കത്തിലാണ്. സ്വദേശത്തു നിന്ന് ഭാരതമണ്ണിലേക്ക് വന്ന ശ്ലീഹായുടെ തിടുക്കം.

ഈ വിശ്വാസ പാരമ്പര്യമാണ് ഈ ദുക്റാന തിരുന്നാളിൽ നാം സാന്തോം മെസഞ്ചറിൽ ചർച്ച ചെയ്തിരിക്കുന്നത്. വിശ്വാസത്തിലും ആചാരത്തിലും ഭക്ഷണത്തിലും നമുക്കുള്ള നസ്രാണി പാരമ്പര്യം അറിഞ്ഞിരിക്കേണ്ടതും നഗരസംസ്കാരത്തിനും മറ്റുള്ളവർക്ക് അരോചകമാക്കാത്തവിധം അനുഷ്ഠിക്കേണ്ടതും നമ്മുടെ വിശ്വാസത്തിന്റെ ആവശ്യമാണ്. മാർത്തോമായുടെ ഈ ആത്മീയ മാർഗ്ഗം നമുക്ക് വിശ്വാസ ജീവിതത്തിൽ പ്രചോദനം ആകട്ടെയെന്ന് ആശംസിക്കുന്നു.

എല്ലാവർക്കും ദുക്റാന തിരുന്നാളിന്റെ മംഗളങ്ങൾ

**Fr. Jobin Tholanickal**
Asst. Vicar

# TRUSTEES

സെന്റ് തോമസ് പാരീഷിന്റെ ട്രസ്റ്റിമാരായി സേവനമനുഷ്ഠിക്കുവാൻ സാധിച്ചത് വലിയൊരു ദൈവാനുഗ്രഹമായി ഞങ്ങൾ കരുതുന്നു. അതാത് കാലഘട്ടങ്ങളിലെ വികാരിമാരും, സഹവികാരിമാരുമായി സഹകരിച്ചു, ഇടവകയുടെ നാനാവിധ പ്രവർത്തനങ്ങളിൽ പങ്കുചേരുവാനും, വിവിധങ്ങളായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുവാനും അവസരം ലഭിച്ചതു വഴി ഇടവകാംഗങ്ങളോട് കൂടുതൽ അടുക്കുവാനും ഈ കാലയളവിൽ ഞങ്ങൾക്ക് സാധിച്ചു.

വിവിധ ദേശങ്ങളിൽ നിന്നും സ്ഥലങ്ങളിൽ നിന്നും ജോലി, പഠനം, ബിസിനസ്സ് തുടങ്ങി മറ്റു പല ആവശ്യങ്ങൾ എന്നിവയ്ക്കായി വന്നു ചേർന്നിട്ടുള്ള ക്രൈസ്തവ കൂട്ടായ്മയാണ് ഈ ഇടവകയിലുള്ളത്. ഇവരുടെ നാനാവിധ ആവശ്യങ്ങൾ, പ്രത്യേകിച്ച് വിശ്വാസപരിശീലന കാര്യങ്ങളിലും, ചാരിറ്റി പ്രവർത്തനങ്ങളിലും ഞങ്ങളാലാവും വിധം ഇടവക ജനങ്ങളോട് സഹകരിച്ചു എന്നാണ് ഞങ്ങളുടെ വിശ്വാസം.

വൈദീക സന്യസ്ത കൂട്ടായ്മകളുടെ പ്രോൽസാഹനവും തിരുത്തലുകളും, നിർദ്ദേശങ്ങളും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു.

ബൈബിളിൽ പ്രതിപാദിക്കുന്ന തനിക്കു കിട്ടിയ 'താലന്ത്' ഇരട്ടിയാക്കി വർദ്ധിപ്പിച്ച് യജമാനന്റെ പ്രശംസ ഏറ്റുവാങ്ങിയ നല്ല ഭൃത്യനെപ്പോലെ, ഞങ്ങൾക്കു കിട്ടിയ ട്രസ്റ്റി സ്ഥാനം ഇടവകയോടു ചേർന്ന് പരിപോഷിപ്പിച്ച് ദൈവത്തിനു മഹത്വവും ഇടവകയ്ക്കു വളർച്ചയും നൽകുവാൻ ഞങ്ങളാലാവും വിധം ഞങ്ങൾ പരിശ്രമിച്ചു. ബഹുമാനപ്പെട്ട വൈദീകരോടും, ഇടവകയിലെ സന്യാസ, സന്യാസിനി സമൂഹങ്ങളോടും, പാരീഷ് കൗൺസിൽ മെമ്പേഴ്സിനോടും അസോസിയേഷൻ ഭാരവാഹികളോടും, ഓഫീസ് സ്റ്റാഫ് വിശിഷ്യാ ഇടവക സമൂഹത്തോടുമുള്ള ഞങ്ങളുടെ നന്ദി ഈ അവസരത്തിൽ പ്രകടിപ്പിക്കുന്നു.

2019 - ജൂൺ 2-നും 9-നും നടന്ന വാർഷിക പൊതുയോഗത്തിൽ നിന്നും പുതിയ ട്രസ്റ്റിമാരായി തിരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ഞങ്ങളുടെ പ്രാർത്ഥനാശംസകൾ. ഞങ്ങളുടെ സഹകരണവും സഹായവും ഇടവകയുടെ പ്രവർത്തനങ്ങളിൽ തുടർന്നും ഉണ്ടാകുന്നതാണ് എന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ഒത്തിരി സ്നേഹത്തോടെ നന്ദിയോടെ....

THANK YOU



Biju George



Benjamin Raphael



George Chacko



John Saju

WELCOME



Prof Dr. Jain Mathew



A D Joseph



Mathew K Joseph



Benny Sebastian



Naveen Joseph



# ഞാൻ ശരിയാണ്, നീയും

ഫാ. ജീത്തു പെരുമ്പള്ളിക്കുന്നേൽ സി.എം.ഐ.

ആറാന ആറേ ഒഴുകുന്നത് കാരണവാന്മാർ പറയാറുള്ള ദുക്റാനയുടെ ഒരുക്കത്തിലാണ്. നമ്മുടെ സീറോ മലബാർ സഭയ്ക്ക് ജീവൻ പകർന്ന ''അവനോടുകൂടെ പോയി മരിക്കാമെന്ന്'', അർത്ഥമറിയാതെ പറഞ്ഞെങ്കിലും, ആ വചനത്തിന് ജീവൻകൊണ്ട് അർത്ഥപൂർണ്ണത നൽകിയ നമ്മുടെ ഇടവക മദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെ ഓർമ്മപെരുന്നാളാണ് ജൂലൈ 3 ന് ആഘോഷിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നത്. കുടുംബങ്ങളും കുടുംബയോഗങ്ങളും പെരുകുന്ന കാലമാണ്. കുടുംബങ്ങളുടെ തായിവേരുകളെ തോണ്ടിയെടുക്കാൻ പരിശ്രമിക്കുന്നവർ കുടുംബത്തേയും കൂട്ടുകാരേയും കർത്താവിനുവേണ്ടി കല്ലേറുദൂരത്തേയ്ക്ക് മാറ്റിവെച്ച മാർ തോമായുടെ മാർഗ്ഗത്തിലേക്ക് തങ്ങളുടെ കുടുംബത്തെകൂടി കൂട്ടിചേർക്കുവാനുള്ള തീവ്രപരിശ്രമത്തിലാണ്. പാരമ്പര്യങ്ങളും പാരമ്പര്യവാദങ്ങളുംകൊണ്ട് വീർപ്പുമുട്ടിനിൽക്കുന്ന ആധുനിക ഫരിസേയ പ്രമുഖരുടെ പ്രസ്ഥാനമായി നമ്മുടെ സഭ മാറുന്നുണ്ടോയെന്ന് ആത്മശോധന ചെയ്യുന്നത് ഉചിതമാണ്.

ഗുരുവിന് പിന്നാലെ നടക്കുന്നവർക്ക് Identity Crisis വന്നപ്പോഴാവണം അവരെ ഒന്നിപ്പിച്ച് നിറുത്തേണ്ട വലിയോരു തിരിച്ചടയാളത്തെപ്പറ്റി ഗുരു പറഞ്ഞ് കൊടുക്കുന്നത്. അത് ദൈവശാസ്ത്രത്തിന്റെയോ, തത്വശാസ്ത്രത്തിന്റെയോ, ആധുനിക ആധ്യാത്മികതയുടെയോ വേലികൾക്കുള്ളിൽ ഒതുങ്ങുന്നതോ, ആർക്കും മനസ്സിലാക്കാനാവാത്തതോ അല്ല. വളരെ ലളിതമായ ആ അടയാളത്തെക്കുറിച്ച് ഗുരു പറയുന്നത് ഇങ്ങനെയാണ് ''നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും'' (യോഹ. 13:35). വരയ്ക്കുന്ന കുരിശിനും ധരിക്കുന്ന കുരിശിനുമപ്പുറം ഏറ്റെടുക്കുന്ന കുരിശുകൾക്കിടയിലും സന്തോഷിക്കാനും അതിനു കാരണക്കാരായവരെ സ്നേഹിക്കുവാനും കഴിയുന്നവരിലാണത്രേ കുഞ്ഞാടിന്റെ അടയാളം പതിയ്ക്കപ്പെട്ടിരിക്കുന്നത്.

അടയാളങ്ങളുടേയും പ്രതീകങ്ങളുടേയും പേരിൽ അതിരുകളും മതിലുകളും പണിയുന്നവർ അറിഞ്ഞോ അറിയാതെയോ മാറ്റിവെച്ച പരസ്നേഹം എന്ന വലിയൊരടയാളത്തെ തിരിച്ചറിയാനും തിര്ഞ്ഞെടുക്കുവാനുമുള്ള അവസരമായി ഈ ദുക്റാനതിരുനാൾ മാറണം. പാരമ്പര്യത്തിന്റെ പരുപരുത്ത തഴമ്പുകൾക്ക് അപ്പുറത്ത് പരസ്നേഹത്തിന്റെ തൂവൽസ്പർശമായി നമ്മുടെ ഇടവകയും കുടുംബവും രൂപാന്തരപ്പെടുമ്പോൾ മാത്രം നാം ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെടാൻ യോഗ്യരാകും എന്നതാണ് സത്യം.

ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആയിരിക്കേണ്ട അവസ്ഥയിലേക്ക് മാറുവാനുള്ള ധൈര്യം കാണിയ്ക്കണം. നമ്മൾ പണ്ട് ഇങ്ങനെയായിരുന്നു എന്ന വാദം, സ്നേഹം പ്രകടിപ്പിക്കുന്നതിൽ നിന്ന് നമ്മെ തടയാതെയിരിക്കട്ടെ.

''അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം'' (യോഹ. 11:16) എന്ന പിതാവിന്റെ വചനം പിന്നോട്ട് വലിക്കുന്നവയല്ല, മറിച്ച് മുന്നോട്ട് നയിക്കുന്നതാണ്. കുടുംബ പാരമ്പര്യങ്ങളുടെ കണക്കെടുപ്പിലോ കുലമഹിമയുടെ തെളിവെടുപ്പിലോ പെട്ടുപോകുന്നവരാവാതെ സ്നേഹത്തിന്റെ കാവലാളാകുവാനുള്ള വെല്ലുവിളിയാണ് നമുക്കു മുമ്പിൽ ഉയർന്ന് നിൽക്കുന്നത്. പ്രദക്ഷിണം നടത്തുവാനും, വെടിക്കെട്ട് കൂടാനും ആളേറുമ്പോഴും തൊട്ടടുത്തുള്ളവരുടെ ഹൃദയ നൊമ്പരങ്ങളിൽ ആശ്വാസം പകരാൻ സമയമുള്ള നല്ല സമറിയാക്കാർ ഇന്ന് ചുരുക്കമാണ്. ''ചൗക്കിദാർ ചോർ ഹേ'' (കാവൽക്കാരൻ കള്ളനാണ്) എന്ന ആധുനിക മുദ്രാവാക്യവും ''സഹോദരന്റെ കാവൽക്കാരനാണോ ഞാൻ'' എന്ന കായേന്റെ പുരാതന ചോദ്യവും ചേർത്ത് വായിച്ചാൽ ചിലപ്പോൾ കാര്യങ്ങൾ വ്യക്തമായേക്കാം. അയൽക്കാരന്റെ കാവലായിത്തീരേണ്ടവർ അവന്റെ കനവുകളെ തട്ടിയെടുക്കുകയും തീയിട്ട് ഇല്ലാതാക്കുകയും ചെയ്യരുത് എന്നു ചുരുക്കം. വീഴുന്നവരൊക്കെ വീഴേണ്ടവരായിരുന്നു എന്നു വിളിച്ചുപറയുന്നവരുടെ ലോകമാണിത്. അപരന്റെ നന്മകളേക്കാൾ വീഴ്ചകളെ ആഘോഷമാക്കുന്നവർ വാർത്തകളിലും ചാനലുകളിലും നിറയുകയാണിന്ന്. മുറിവേറ്റവരുടെ മുറിവുകളിൽ തോട്ടിയിറക്കി നിയന്ത്രിക്കാനുള്ള തത്രപ്പാടുകളിൽ നാം സൗകര്യപൂർവ്വം മറന്നുകളയുന്ന ഒരു കാര്യം ആനയും ആനപാപ്പാനും ഒരേപോലെ അപകടത്തിലാണെന്ന സത്യമാണ്. പറഞ്ഞുവന്നത് അടുത്ത കാലത്ത് നാം ആഘോഷമാക്കുന്ന ചില തർക്കങ്ങളെക്കുറിച്ചാണ്. സ്നേഹം പങ്കുവെക്കാനോ സമാധാനം പുനഃസ്ഥാപിക്കാനോ നമുക്കു താൽപര്യമില്ലാതായിരിക്കുന്നു. തമ്മിലടികണ്ട് ആർപ്പുവിളിക്കുന്ന ആവേശത്തോടെ സ്വന്തം പക്ഷത്തേക്ക് ആളെ വിളിച്ചുചേർക്കുന്നവർക്കുമുമ്പിൽ പരസ്നേഹത്തിന്റെ മാതൃക കാണിക്കാൻ നമുക്കാവണം, നമ്മുടെ ഇടവകയ്ക്കാവണം. വലിയ കാര്യങ്ങളൊന്നും ചെയ്യേണ്ട. ''ഞാൻ മാത്രമല്ല ശരി'' എന്നു മനസ്സിലാക്കിയാൽ മാത്രം പോരാ, 'നീയും ശരിയാണെന്ന്' സ്നേഹത്തോടെ സമ്മതിക്കാൻ സൗമനസ്യം കാണിക്കുകയും വേണം.

അവനോടുകൂടെപോയി മരിക്കാൻ തയ്യാറായവന്റെ പിൻഗാമികൾക്ക് അത്രയെങ്കിലും സാധിക്കില്ലേ?





Dn. Shijin Pulimootil CMI

# #THOMISTIC CHALLENGE

A few weeks before, the cold war of the Indian politics between the #chowkidar and #pappu made it to the headlines. But to the surprise or dismay of many, #chowkidar rocked it with a clean sweep to regain his title. But what the whole media celebrated for days after the election was the question, 'Is the disgusting defeat for the second consecutive time the defining moment of the end of political dynasty of #pappu that had begun for past six decades and above? This fall of the political dynasty or to say the defeat of # pappu puts a striking question before the whole world. Is it the terminus of the journey of 'traditions' that one has received?

> "Now therefore if you obey my voice and keep my covenant, you shall be my treasured possession... you shall be for me a priestly kingdom and a holy nation."
>
> Ex. 19 : 5 - 6

In month of July we commemorate the feast of the daring apostle of Christ, St. Thomas. A man who not just proclaimed his desire to die with Christ, but in reality died for Christ on his mission in the very soil that has witnessed the birth of several religions. And the Christians from 'God's own Country' take delight about the great tradition that has been bequeathed through their ancestors and call themselves proudly as St.

Thomas Christians, the Mar Thoma Nasranis and what not. But there was one thing that always disturbed me being a Christian of this same Syro Malabar Church. How far can I affirmatively say that I, too, am a Mar Thoma Nasrani being a Christian migrant born and brought up in Bangalore?

After a lot of reflection and introspection today, I firmly believe that I too am a Mar Thoma Nasrani, but with a greater challenge than my fellow brothers from Kerala, on living this great tradition that has been bequeathed from St. Thomas today here and now in a contrasting, pluralistic, multi-religious context like Bangalore which is totally immersed in a so-called 'throw-away' culture. And I believe that this challenge helps me to live my life as a Christian if not greatly at the least up to the expectations of the tradition that has been conferred on me. Thus defining and redefining the tradition that we have received, not leaving it static anymore but evolving it in the context we are living in.

In fact the decline of the political dynasty in the political scenario of our nation stands as a model of how a tradition can come to a drastic end, if it doesn't evolve based on the moment we are living in. And it's high time, that reading from the signs and needs of time, we wake up from our deep slumber and live each moment taking up the challenge that our St. Thomas tradition sets before us. In an era where we follow several #challenges with 'ice-bucket' or without it, let us also take up this #Thomistic challenge that our tradition poses before us. As we celebrate Dukrana, commemorating the great mission and martyrdom of our father in faith, St. Thomas, let us pray and hope that the St. Thomas tradition we are blessed with may not be wiped off from the face of the earth because of our careless, regretful attitude and behavior towards Christ, the Church and her sacred deposits of faith, namely, Sacred Scripture and Tradition. Wish you all a happy Dukrana and All the best on taking up this #Thomistic Challenge.



## THIRD ANNIVERSARY IN HEAVEN (1st July 2019)

## LINDA BIJU

"Even though I walk through the valley of the shadow of death, I will fear no evil, for you are with me; your rod and your staff, they comfort me.." [Psalms 23:4]

# Being a St. Thomas Christian

YOUTH FAITH EXPERIENCES

## ബാംഗ്ലൂർ നസ്രാണി ജീവിതം



ഈശോയുടെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായ മാർതോമാശ്ലീഹായുടെ വിശ്വാസ പൈതൃകത്തിൽ പങ്കുപറ്റുന്ന ഒരു ക്രിസ്ത്യാനി എന്നതിലും വിശ്വാസ മൂല്യങ്ങളെ മുറുകെ പിടിക്കുന്ന ഒരു ക്രൈസ്തവ വിശ്വാസ സമുദായത്തിന്റെ ഭാഗമാണ് എന്നതിലും ഞാൻ ഏറെ സന്തോഷിക്കുന്നു.

ഇരുപതു നൂറ്റാണ്ടുകളുടെ വൈവിധ്യമാർന്ന അനുഭവത്തിലൂടെ കടന്നുപോയിട്ടുള്ള സീറോമലബാർ സഭ, വിശ്വാസ ജീവിതത്തിലും സാമുദായിക ജീവിതത്തിലും വിദ്യാഭ്യാസ മേഖലയിലും സാമൂഹിക ഇടപെടലുകളിലും അവളുടേതായ മുഖമുദ്ര പതിപ്പിച്ചിട്ടുണ്ട്.

ഭാരതമെന്ന വൈവിദ്യങ്ങളുടെ കലവറയിലെ അമൂല്യ സമ്പത്തായ കേരളം എന്ന തീരദേശ  നാടിന്റെ പരിവർത്തന പ്രവർത്തനങ്ങളിൽ ഇവിടെ നസ്രാണി സഭയുടെ പങ്ക് വിസ്മരിക്കാവുന്നതല്ല.

എത്തിച്ചേർന്ന നാളുകളിൽ എല്ലാം വിശ്വാസത്തിന്റെ തനിമയും പാരമ്പര്യത്തിന്റെ പ്രൗഢിയും ശോഭകെടാതെ കാത്തു സൂക്ഷിക്കാൻ സീറോമലബാർ സഭയ്ക്ക് ആയിട്ടുണ്ട്. ഭാഷകളും സംസ്കാരങ്ങളും തൊഴിലുകളും ജീവിത രീതികളും പലവിധത്തിൽ സംഗമിക്കുന്ന ബാംഗ്ലൂരിന്റെ മണ്ണിലും ഓരോ സീറോമലബാർ സഭാംഗത്തിനും മാർത്തോമ പൈതൃകം തുടച്ചു നീക്കാനാവാത്ത ഒരു വികാരമാണ്.

അനുദിനമുള്ള വിശുദ്ധബലിയിലൂടെയും കുമ്പസാരമെന്ന കൂദാശയിലൂടെയും എനിക്കു ലഭിക്കുന്ന ആനന്ദവും സമാധാനവും ഒരു സീറോമലബാർ സഭാംഗം എന്നതിനാൽ ഞാൻ അനുഭവിക്കുന്നു. അത് ഒരു വ്യക്തിക്കോ ശക്തിക്കോ എന്നിൽ നിന്നും ഒരിക്കലും എടുത്തുമാറ്റുവാൻ സാധിക്കുകയില്ല. അതിനാൽ തന്നെ സീറോമലബാർ സഭാംഗം എന്നതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു.

**Gloria M Babu**

*"We are Hindu in culture, Christian in faith, Oriental in Worship"*

**Rev Fr. Placid Podipura CMI**



As a youth of the Syro Malabar community in Bengaluru, I have always enjoyed the privilege of being one and I'm always proud to be one. It has instilled in me a feeling of oneness when we gather as youth. It has never made me feel lonely even in the direst of times I've gone through. It has given me people who turned to be like a family and helped me in growing as a better individual. Catechism classes are given much importance in our community and has helped me reach more close to Christ. The community also gives importance to the young and vibrant people, which has helped me lead from the forefront on certain occasions.

**Anlin Assisi Akkara**

My first experience as a Syro Malabar Catholic is my relationship with my church. I have an amazing relationship with my church. I love my Catholic Church and it has helped me to mould my character as well as my attitude. I love the Syro Malabar Qurbana songs, prayers etc, this takes me more closer to Jesus. lam proud to say that lam a Syro Malabar Catholic. Catechism was an another major part of my life. It has helped me to know more about the Catholic Church. Therefore, Catechism is an important part of every individual's life. As a youth, it's our responsibility to raise and love our Syro Malabar Church

**Ruth Mary Joseph**

*"I Love your church,*
*because I know your church"*

**- Eugin Card Tisserant**
Prefect of the congregation of Oriental Churches

# CATHOLICS SHOULD KNOW

## 1 OUR MOTHER CHURCH IS SYRO MALABAR CHURCH



The Syro-Malabar Catholic Church is one of the 23 Eastern (Oriental) Catholic Churches in full communion with Rome. The Syro-Malabar Church, with its deep-rooted spirituality and high rate of vocations to priesthood and religious life, can be considered as the most vibrant Catholic community in the world.

## WE ARE NAZRANIS 2



Syro Malabar Christians are known as Nazranis which means those who follow the path of Jesus Christ. We trace our origin back to St .Thomas the apostle, who landed in Cranganore (Kodungallur) in 52 AD and founded seven and half churches across Kerala. He was martyred in AD 72 at Mylappore near Chennai.

## 3 NAME 'SYRO MALABAR' SAYS A LOT

The word Syro Malabar is coined from two words 'Syro' and 'Malabar'. The word "Syro" symbolizes the east Syrian connection we had from the 4th Century. Our Church shared the liturgical, theological, spiritual and other ecclesiastical traditions with the East Syrian Church. The term Malabar represents our geographical area. Earlier the whole of Kerala was known as Malabar.

## 4 OURS IS THE SECOND LARGEST EASTERN CHURCH

Syro Malabar Church is the second largest Eastern Church which is in full communion with the Pope. Thus there are altogether nearly 5 Million Syro-Malabar faithful spread all over the world and there are 62 Bishops, 8547 priests (3,556 diocesan and 4,991 religious), and 32,114 women religious and 1214 major seminarians.

## 5 OUR TRADITIONAL ART FORMS

Over the years we have evolved different forms of art like

a) **Margamkali:** The dance retells the life and missionary work of St. Thomas the Apostle based on the third century apocryphal Acts of St Thomas.

b) **Parichamuttukali:** Parichamuttu kali is a martial art form which follows the steps of kalaripayattu. It is performed by men bearing swords and shields which tells the story of missionary activities of St Thomas the apostle among the Jews.



# XII & X Toppers 2018-19

Congratulations


**Ajish S. Thomas**
96.83 % PUC


**Michelle Liz Cyriac**
96.5 % PUC


**Vivien Benoy**
94.8 % PUC


**Glory Paulson**
92.66 % PUC


**Joel Issac**
91.8 % PUC


**Brigit K. Joseph**
95.1 % ICSE


**Maria Catherine Aby**
93.8 % ICSE


**Dave Paul Joseph**
93.7 % ICSE


**Ryan K Renjith**
92.5 % ICSE


**Lia Saji**
91.5% ICSE


**Deon Naveen Varghese**
94.4 % CBSE


**Anjali Elizabeth Roy**
90.4% CBSE


**Jerix James**
95.36% SSLC


**Aparna P. M.**
94.72% SSLC


**Anson Thomas**
92% SSLC


**Lisba Lincoln**
91.52% SSLC

# ഇത്രത്ര ചെറിയ കാര്യമല്ല!

**ബിൽനാമോഠക്ക് അഭിനന്ദനങ്ങഠ!**



"ഇത് ഒരു വലിയ ദിവസം ആണ്. ഇന്ന് ഞാൻ ബൈബിഠ മുഴുവനായി വായിച്ചു തീർത്തു. യേശുവിന് നന്ദി" എന്ന തലക്കെട്ടോടെ ഇക്കഴിഞ്ഞ മെയ് 14 ന് ഫേസ്ബുക്കിൽ പ്രത്യക്ഷപ്പെട്ട അധികം ആരും ശ്രദ്ധിക്കാതെപോയ ഒരു പോസ്റ്റാണ് ബിൽനയെന്ന കൊച്ചുമിടുക്കിയെ അറിയാൻ ഇടവന്നത്. ഇടവകയിലെ സെന്റ് സേവ്യേഴ്സ് വാർഡിലെ അലേഷിന്റയും ലാലിയുടെയും മകഠ ബിൽന ബാബു.

**എന്നു മുതൽ ആണ് ബൈബിഠ വായന ആരംഭിച്ചത് ?**

ആദ്യകുർബാനസ്വീകരണത്തിനുശേഷം.

**പ്രചോദനം ?**

ആദ്യകുർബാനസ്വീകരണത്തോടനുബന്ധിച്ച് ബന്ധുവായ വൈദികനോട് ഞാൻ വാഗ്ദാനം ചെയ്തിരുന്നു.

**എത്ര സമയം ? എത്ര ദിവസം ? എങ്ങനെയായിരുന്നു വായനയുടെ രീതി ?**

രാവിലെ 6 മണി മുതൽ 9 മണി വരെ. ഏകദേശം ഒന്നേകാൽ വർഷം. പ്രധാനമായും അവധി ദിവസങ്ങളിൽ.

**ഏറ്റവും ആകർഷിച്ച ബൈബിഠ വാക്യം ?**

ഒരുപാട്...

ബൈബിഠ കയ്യിലേന്തി അഭിമാനത്തോടെ ചിരിച്ചു കൊണ്ട് ബിൽന.

ഇക്കഴിഞ്ഞ പന്തക്കൊസ്താ തിരുനാളിനൊരുക്കമായി ഇടവകയിലെ യുവജനങ്ങഠ ഒരുക്കിയ 4 ദിവസത്തെ അഖണ്ഠ ബൈബിഠ പാരായണ മാരത്തോൺ ആരെക്കൊണ്ട് ഉദ്ഘാടനം ചെയ്യിക്കണം എന്ന കാര്യത്തിൽ ഡയറക്ടർ ജോബിൻ തോലാനിക്കൽ അച്ചന് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല.

നമ്മിൽ പലരും പലവട്ടം തുടങ്ങിവച്ച കാര്യമായിരിക്കും... പലർക്കും സാധിച്ചിട്ടും ഉണ്ടാകും. എന്നാൽ 11 വയസ്സിൽ ഈ ഒരു നേട്ടം അത്ര നിസ്സാരമല്ല. അനിയത്തി 10 വയസ്സുകാരി ഡെൽനയും ചേച്ചിയുടെ പാതയിൽതന്നെ. അഞ്ചു വയസ്സുകാരി വിലീന ഞാനും വായിക്കാറാകട്ടെ എന്ന ഭാവത്തോടെ തൊട്ടരികിൽ.

ഇനിയും ഒരുപാടു വട്ടം ഇവർക്കും, നമുക്കും ഇത് സാധ്യമാകാൻ ദൈവവചനശക്തി പ്രചോദനമാകട്ടെ!

## SANTHOME MESSENGER IN AUGUST....

**Santhome messenger for its August edition invites article in English and Malayalam**

### THE TOPIC FOR THE ARTICLE:

## FREEDOM AT MIDNIGHT (IN ENGLISH)

## മറിയം സ്വാതന്ത്ര്യത്തിന്റെ അമ്മ (മലയാളം)

-It is open for everyone including priests and religious

-The article should not exceed 200 words

-The best one will be published in August edition and will be rewarded

- The last date for the submission of the article is 28th July

# Church News



## Pope in Romania: Who are the 7 Greek-Catholic martyrs?

Pope Francis beatified seven Greek-Catholic bishops who were martyred under the communist regime.

The Greek bishops were killed during the Soviet occupation between 1950 and 1970 amid a fervent anti-religious campaign waged by the communist government of Nicolae Ceausescu.

During a Divine Liturgy in the city of Blaj on Sunday, Pope Francis beatifies seven Greek- Catholic bishops who were martyred under the communist regime in Romania.

The seven martyrs who will be beatified in the Transylvanian region of Blaj on June 2 are: Bishops Valeriu Traian Frentiu, Vasile Aftenie, Ioan Suciu, Tito Livio Chinezu, Ioan Balan, Alexandru Rusu, and Iuliu Hossu.

Most were never convicted but they all died in prison camps — some after being tortured — and were later buried in unmarked graves.

## From a dumpster to the head of a procession: The story of 'Broken Mary'

On Friday, May 31, four lanes of traffic on a major thoroughfare in the city of Chicago shut down for an hour and a half, while 3,200 people marched past.

Instead of political banners, they held candles. Instead of shouting, they quietly prayed the rosary and sang Ave Maria. Instead of a politician or city official, they were led by 'Broken Mary,' a statue of the Virgin Mary rescued from a dumpster, who still bears the scars of her past - a crack in the middle where she was broken in half, chipped hands, faded paint with scratches.

The procession event, called "There is Hope for the Broken," was organized by Chicago parish St. John Cantius, and by Kevin Matthews, who rescued Mary from the garbage in 2010.

Matthews first spotted what is now known as 'Broken Mary' outside of a dumpster at a flower shop, covered in trash and cracked in half. He brought her home and cleaned her up.

He had her restored to one piece again, but asked that her chips and scratches be left as they were: "No, she is broken, just like me. We all are broken and in need of repair. She represents the broken," he told the repairman.

After finding Mary, Matthews experienced a profound new devotion to the Mother of God. Although born a Catholic, Matthews had strayed from his faith for many years, and had never learned how to pray the rosary. After finding 'Broken Mary,' it became his top priority: praying the rosary and encouraging others to do the same.

"If you haven't been in church for a while or you feel ashamed, just go to Mary. And try to go to Mary through the rosary. Just hold that rosary and just say any prayer you'd like. Hold that rosary, be dedicated to that rosary," he added.

Those unable to visit in person the statue of 'Broken Mary' can also submit prayer intentions online, which are printed out every day and set at the feet of 'Broken Mary.'

## South Sudan president: I was 'almost trembling' as Pope Francis begged me to make peace

In an unprecedented gesture last month, Pope Francis kissed the feet of several South Sudanese leaders, who were visiting the Vatican for a retreat, in a plea for peace in the country.

South Sudanese President Salva Kiir told EWTN News that the exchange, which garnered attention around the world, left him "almost trembling." "I was almost trembling because that thing has not happened before, except at the time when Jesus knelt down to wash the feet of his disciples. And it should have been the opposite; his disciples should have been the ones to wash his feet...this is what came into my mind when the Pope knelt down."

"The feelings that I had at the moment, at that hour, was that I should try my best when I come back to South Sudan. I should try my best to bring peace to my people, so that people reconcile among themselves, and people do not think of fighting again," Kiir said

# CONGRATULATIONS for P.hd



Dr. Licto Thomas
Ph. D in Pharmacy (Pharmacology)
Bhagwant University, Rajasthan.

S/O N.C. Thomas
Ward - St. Mary's ward, Thavarakere.

## MANDYA DIOCESE

### വേദപാഠ അദ്ധ്യാപകർക്കുവേണ്ടി ഓറിയന്റേഷൻ പ്രോഗ്രാമും അവാർഡ്ദാന ചടങ്ങും

വേദപാഠ അദ്ധ്യാപകർക്കുവേണ്ടി രൂപതാതലത്തിലുള്ള ഓറിയന്റേഷൻ പ്രോഗ്രാം മെയ് 26 ഞായറാഴ്ച പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് 9.30 മുതൽ 4 മണിവരെ നടന്നു. രൂപതയുടെ കമ്മീഷൻ ഫോർ ബൈബിൾ ആൻഡ് കാറ്റക്കെറ്റിക്സിന്റെ നേതൃത്വത്തിൽ മതബോധന അവാർഡ്ദാന ചടങ്ങ് മെയ് 26–ാം തിയതി ഞായറാഴ്ച 5 മണിക്ക് പാരീഷ് ഹാളിൽവച്ച് നടത്തി.

### വിദ്യാഭ്യാസ അവാർഡ്ദാന സമ്മേളനം – Conclave of Accolades 2019

മണ്ഡ്യ രൂപതയുടെ വിദ്യാഭ്യാസ–മതബോധനവിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ, 2018-19 അധ്യയന വർഷത്തിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ നിന്ന് 85 ശതമാനത്തിലധികം മാർക്കോടെ ഉന്നതവിജയം കരസ്ഥമാക്കിയ രൂപതാംഗങ്ങളായ വിദ്യാർത്ഥികൾക്കും PhD കരസ്ഥമാർക്കിയവർക്കും യൂണിവേഴ്സിറ്റി തലത്തിൽ ഒന്നാം റാങ്ക് നേടിയവർക്കുമായി ജൂലൈ 28ന് ഒരു അനുമോദന സമ്മേളനം Conclave of Accolades എന്ന പേരിൽ സംഘടിപ്പിക്കുന്നു. ചടങ്ങിൽ രൂപതാധ്യക്ഷൻ മാർ ആന്റണി കരിയിൽ മുഖ്യാതിഥിയായിരിക്കും. സമ്മേളനത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും പ്രശംസാപത്രവും ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്കായി രൂപതയുടെ പ്രത്യേക പുരസ്ക്കാരങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അവാർഡിനർഹരായ കുട്ടികൾ പാരിഷ് ഓഫീസിൽ നിന്നും ആപ്ലിക്കേഷൻ ഫോം വാങ്ങി പൂരിപ്പിച്ച് ജൂൺ 23നു മുമ്പായി പാരിഷ് കാറ്റക്കിസം ഹെഡ്മാസ്റ്ററെ ഏല്പിക്കേണ്ടതാണ്.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ ജൂലൈ 29 നകം പേരുവിവരങ്ങൾ പാരീഷ് ഓഫീസിൽ കൊടുക്കുക.**

## LOGOS QUIZ - 2019

### The details required for registration

1. Name
2. House Name
3. Year of Birth
4. Language - English/Malayalam
5. Gender
6. Designation
7. Mob. No.

### Portions

- Deuteronomy (നിയമാവർത്തനം) 12-21
- Sirach (പ്രഭാഷകൻ) 11-17
- Matthew (മത്തായി) 19-28
- Revelation (വെളിപാട്) 17-22

### Exam Dates:

Diocese Level - 2019 Sept. 29, 2 pm - 3.30 pm
State Level - 2019 Nov. 10, Final 23-24

A വിഭാഗം : 1–1–2008 നു ശേഷം ജനിച്ചവർ

B വിഭാഗം : 1–1–2003 നും 31–12–2007 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 1–1–1988 നും 31–12–2002 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 1–1–1968 നും 31–12–1987 നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 1–1–1955 നും 31–12–1967 നും ഇടയ്ക്ക് ജനിച്ചവർ

I വിഭാഗം : 31–12–1954 ന് മുമ്പ് ജനിച്ചവർ

### Last Date of Registration:

**2019 July 31   Reg. Fee Rs. 10/-**

Those who wish to join Logo Quiz shall register their name at Parish Office **before 29th of July 2019**.

For More details Login
**www.logosquiz.org**
www.keralabiblesociety.com







# GALL

For More P














# LERY

**Photos Scan**









# ഇടവക വാർത്തകൾ

## പെസഹാ തിരുനാൾ

ഏപ്രിൽ 18 വ്യാഴാഴ്ച രാവിലെ 6.30 മുതൽ 8.30 വരെ പള്ളിയിൽ ആരാധന നടത്തി. വൈകുന്നേരം 5.30 ന് തുടങ്ങിയ പെസഹാ തിരുക്കർമ്മങ്ങൾക്ക് വികാരി റവ. ഫാ. സിറിയക് മഠത്തിൽ സി.എം.ഐ. നേതൃത്വം നൽകി. ദിവ്യബലി, കാലുകഴുകൽ ശുശ്രൂഷ, ഭക്തിനിർഭരമായ ദിവ്യകാരുണ്യ പ്രദക്ഷിണം, തിരുമണിക്കൂർ ആരാധന, തുടങ്ങിയ തിരുക്കർമ്മങ്ങൾക്കുശേഷം പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയും, പുത്തൻ പാനപാരായണവും ഉണ്ടായിരുന്നു. രൂപതാ ചാൻസലർ റവ. ഫാ. ജോമോൻ കോലഞ്ചേരി സി.എം.ഐ. വചനസന്ദേശം നൽകി.

## ദുഃഖവെള്ളി

